LIBRARY ARCHIVES Kerala Legislative Assembly

കരിങ്കഴി റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം

141 (833) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ മണ്ഡലത്തിൽ കങ്കോൽ ആലപ്പടമ്പ് പഞ്ചായത്തിൽ കരിങ്കഴി തോടിനുകുറുകെ നിർമ്മിക്കാനുദ്ദേശിക്കുന്ന റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) പ്രസ്തുത റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണത്തിന് ഭരണാനുമതി നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) പയ്യന്നൂർ മണ്ഡലത്തിൽ കങ്കോൽ ആലപ്പടമ്പ് പഞ്ചായത്തിൽ കരിങ്കഴി തോടിനു കുറുകെ നിർമ്മിക്കാനുദ്ദേശിക്കുന്ന റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ 2014 DSR നിരക്കിലുള്ള എസ്റ്റിമേറ്റ് വകുപ്പുതലത്തിൽ തയ്യാറാക്കി വരുന്നു.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

വരൾച്ചയെ നേരിടുന്നതിനുള്ള നടപടികൾ

142 (834) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ)സംസ്ഥാനത്ത് ഉണ്ടായേക്കാവുന്ന വരൾച്ചയെക്കുറിച്ചും ജലദൗർലഭ്യത്തെക്കുറിച്ചും മനസ്സിലാക്കുന്നതിന് വകുപ്പുതലത്തിൽ ഏതെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) വരൾച്ചാകാലത്ത് ശുദ്ധജല ദൗർലഭ്യം പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ജലദൗർലഭ്യത്തെക്കുറിച്ച് മനസ്സിലാക്കുന്നതിന് സംസ്ഥാനത്തെ ഭൂജല വകുപ്പിന് കീഴിൽ 871 നിരീക്ഷണ കിണറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ നിന്നുള്ള ഡാറ്റകൾ വിശകലനം ചെയ്താണ് സംസ്ഥാനത്തെ ഭൂജല വിതാനത്തിന്റെ ഏറ്റക്കുറച്ചിൽ നിശ്ചയിക്കുന്നത്. കൂടാതെ, വരൾച്ച നിർണ്ണയിക്കുന്നതിനായി ഫെബ്രുവരി-മാർച്ച് മാസത്തെ ഭൂജലവിതാനത്തിന്റെ അളവും വേനൽമഴയുടെ അളവും കൂടി കണക്കിലെടുക്കേണ്ടതുണ്ട്.

(ബി) **ജലസേചന വകുപ്പ്**

കേരളം നേരിടുന്ന അതിരൂക്ഷമായ വരൾച്ച കണക്കിലെടുത്ത് കുടിവെള്ളത്തിനും കൃഷിക്കുമുള്ള ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി മണൽചാക്കിട്ട് വെള്ളം ഒഴുകിപ്പോകാതെ താല്ക്കാലിക തടയണ കെട്ടുക, കുളങ്ങളുടെ പുനരുദ്ധാരണം, കനാലുകളിലെ ചെളി നീക്കി നവീകരിക്കുക, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പുനരുദ്ധരിക്കുക, ഉപ്പുവെള്ളം തടയാൻ താല്ക്കാലിക ബണ്ടുകൾ ഇടുക മുതലായ ഹ്രസ്വകാല പദ്ധതികൾ ജലസേചന വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്.

കേരള ജല അതോറിറ്റി

ഈ വർഷത്തെ വരൾച്ച നേരിടുന്നതിന് മുന്നോടിയായി ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, പമ്പുസെറ്റുകളുടേയും പൈപ്പ് ലൈനുകളുടേയും അറ്റകുറ്റപ്പണികൾ, ജലലഭ്യത അനുസരിച്ച് പൈപ്പ് ലൈനുകൾ നീട്ടൽ, ഡൈവർഷൻ ചാനലുകൾവഴി നീരൊഴുക്ക് വർദ്ധിപ്പിക്കുകയും സ്രോതസ്സുകളിലേയ്ക്ക് തിരിച്ചുവിടുകയും ചെയ്യുക, ഇൻഫിൽട്രേഷൻ ഗാലറി, കിണറുകൾ, കുളങ്ങൾ എന്നിവ വൃത്തിയാക്കുക, കഴൽക്കിണറുകൾ ഫ്ളഷ് ചെയ്യുക. പമ്പിംഗ് സമയം ക്രമീകരിച്ച് നിശ്ചിത സമയം കുടിവെള്ളം ലഭ്യമാക്കുക എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഭൂജലവകുപ്പ്

വരൾച്ച നേരിടുന്നതിനായി ഭൂജല വകുപ്പ് കുഴൽകിണർ നിർമ്മാണം, ഹാൻഡ് പമ്പ് സ്കീം, ചെറുകിട കുടിവെള്ള പദ്ധതി, ഹാൻഡ് പമ്പ് റിപ്പയർ പദ്ധതി എന്നിവ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

ചെങ്കിലുംപാടം കുളത്തിന്റെ നവീകരണം

143 (835) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേമം നിയോജകമണ്ഡലത്തിൽ പൂജപ്പുര വാർഡിലെ ചെങ്കിലുംപാടം കുളത്തിന്റെ നവീകരണ ശുചീകരണ പ്രവർത്തനങ്ങൾ നടത്താൻ ചെറുകിട ജലസേചനവകുപ്പ് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly